# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## ചെല്ലമംഗലം ദേവിക്ഷേത്രം

തിരുവനന്തപുരം : ചെല്ലമംഗലം ദേവിക്ഷേത്ര ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ മലയാളമാസം ആയില്യംനാളിൽ നടത്തിവരുന്ന സമൂഹ ആയില്യപൂജ ഇന്ന് രാവിലെ 10ന് നാഗർക്ഷേത്രനടയിൽ നടത്തും.

എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് സെക്രട്ടറി അജിത് വി. മേടവിള അഭ്യർത്ഥിച്ചു.

## മുട്ടട അറപ്പുര ശ്രീഭദ്രകാളി ക്ഷേത്രം

തിരുവനന്തപുരം : മുട്ടട അറപ്പുര ശ്രീഭദ്രകാളി ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാവാർഷികം നാളെ രാവിലെ നിർമ്മാല്യദർശനം, അഭിഷേകങ്ങൾ, ഗണപതിഹോമം, ഉഷപൂജ, കലശംപൂജ, കലശാഭിഷേകം, കളകാഭിഷേകം,. ഉച്ചപൂജ എന്നിവയും വൈകിട്ട് ദീപാരാധന, സഹസ്രദീപക്കാഴ്ച, സർവാലങ്കാര ദീപാരാധന, സമൂഹ പൂമൂടൽ, അന്നദാനം എന്നിവ നടത്തും.

ക്ഷേത്ര കുംഭ രോഹിണി മഹോത്സവം മാർച്ച് 7 മുതൽ 13 വരെ വിവിധ കലാപരിപാടികളോടുകൂടി നടത്തുന്നതുമാണെന്ന് സെക്രട്ടറി സി. ഷാജികുമാർ അറിയിച്ചു.

## വേങ്ങമൺ ശ്രീനാഗരാജക്ഷേത്രം

തിരുവനന്തപുരം: നെയ്യാറ്റിൻകര അമരവിള അലത്തറയ്ക്കൽ വേങ്ങമൺ ശ്രീനാഗരാജ ക്ഷേത്രത്തിലെ വാർഷിക മഹോത്സവം 23വരെ നടക്കും.

ആയില്യപൂജ, മഹാനാഗരൂട്ട്, നവഗ്രഹപൂജ, സഹസ്രദീപക്കാഴ്ച, ഇളനീർ അഭിഷേകം, അന്നദാനം, മെഡിക്കൽ ക്യാമ്പ്, സാംസ്കാരിക സമ്മേളനം, ഭജന, ഗാനമേള, നൃത്തനൃത്യങ്ങൾ തുടങ്ങിയവ ഉണ്ടാകുമെന്ന് ക്ഷേത്രഭാരവാഹികൾ അറിയിച്ചു.

## വെള്ളംകൊള്ളി നാഗരാജ ക്ഷേത്രം

തിരുവനന്തപുരം : തെക്കൻ മണ്ണാറശാലയെന്നറിയപ്പെടുന്ന വെങ്ങാനൂർ മണലി വെള്ളംകൊള്ളി നാഗരാജ ക്ഷേത്രത്തിലെ മകരമാസത്തെ ആയില്യപൂജയും വിശേഷാൽ നാഗരൂട്ടും ഇന്ന് നടക്കുമെന്ന് പ്രസിഡന്റ് എസ്.ശശിഭൂഷണും സെക്രട്ടറി സി.രവികുമാറും അറിയിച്ചു.

രാവിലെ 5ന് പള്ളിയുണർത്തലോടെ ചടങ്ങുകൾക്ക് തുടക്കമാകും. 9ന് സമൂഹപൊങ്കാല.11മുതൽ ആയില്യപൂജയും വിശേഷാൽ നാഗരൂട്ടും നടക്കും. തുടർന്ന് പൊങ്കാല നിവേദ്യവും അന്നദാനവും നടക്കും.

## ജില്ലായോഗം നാളെ

തിരുവനന്തപുരം: ജില്ലയിലെ വിവാഹ മേഖലയിൽ തൊഴിൽ ചെയ്ത് വരുന്ന മാട്രിമോണിയൽ, മാര്യേജ് ബ്യൂറോ ഏജൻസികൾ, ഏജന്റുമാർ തുടങ്ങിയവരുടെ പ്രതിമാസയോഗം നാളെ രാവിലെ 10ന് സെക്രട്ടേറിയറ്റിന് സമീപമുള്ള പൂർണ ഹോട്ടലിൽ നടക്കും.

കേരള സ്റ്റേറ്റ് മാര്യേജ് ബ്യൂറോ ആൻഡ് ഏജന്റ്സ് അസോസിയേഷൻ (കെ.എസ്.എം.ബി.എ.എ) സംസ്ഥാന സെക്രട്ടറി കെ.എം. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

## ജി.എൻ. പോറ്റി അനുസ്മരണം

തിരുവനന്തപുരം: ആർ.എസ്.പി സംസ്ഥാന സെക്രട്ടേറിയറ്റംഗവും തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് യൂണിയൻ സ്ഥാപകനേതാവും ദീർഘകാലം ആർ.എസ്.പി തിരുവനന്തപുരം വെസ്റ്റ് നിയോജകമണ്ഡലം സെക്രട്ടറിയുമായിരുന്ന ജി.എൻ. പോറ്റിയുടെ നിര്യാണത്തിൽ ആർ.എസ്.പി വള്ളക്കടവ് ലോക്കൽകമ്മിറ്റി അനുശോചനം രേഖപ്പെടുത്തി.

വള്ളക്കടവ് വിശ്വന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുശോചനയോഗത്തിൽ അഡ്വ. എ.എ. ബഷീർ, മെഹബൂബ്, മുഹമ്മദ് സാലി, ഭാസുരാംഗൻ എന്നിവർ സംസാരിച്ചു.

# വൈജയന്തി കാശിയുടെ കുച്ചിപ്പുടിയിൽ അലിഞ്ഞ് നിശാഗന്ധി

തിരുവനന്തപുരം: കനകക്കുന്നിൽ നടക്കുന്ന നിശാഗന്ധി നൃത്തോത്സവത്തിന്റെ രണ്ടാം ദിനം കർണാടകയിൽ നിന്നുള്ള പ്രശസ്ത നർത്തകി വൈജയന്തി കാശിയും സംഘവും അവതരിപ്പിച്ച കുച്ചിപ്പുടി ആസ്വാദക ശ്രദ്ധ നേടി. പൂതനയും കൃഷ്ണനും എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു കുച്ചിപ്പുടി. വെമ്പട്ടി ചിന്നസത്യത്തിന്റെ ശിഷ്യയായ വൈജയന്തി കുച്ചിപ്പുടിയിലാണ് പ്രശസ്തയെങ്കിലും ഭരതനാട്യമുൾപ്പെടെ മിക്ക ക്ലാസിക് ഡാൻസുകളും വഴങ്ങും. വർഷങ്ങളായി നർത്തകി, ഗുരു, കർണാടക സംഗീത നൃത്ത അക്കാഡമി അദ്ധ്യക്ഷ എന്നീ നിലകളിലെല്ലാം കലാലോകത്തിന് സുപരിചിതയാണ് അവർ. എല്ലാ മേഖലകളിലുമുള്ള ആസ്വാദകർക്ക് ശാസ്ത്രീയ കലകൾ മനസിലാക്കാനാവുന്ന രീതിയിൽ അവതരണവും മാറണമെന്ന ചിന്തയിലൂടെ കാശി 'ഡാൻസ് ജാത്രെ' സംഘടിപ്പിച്ചതും ഏറെ ശ്രദ്ധ നേടിയിരുന്നു. 26 വരെ നീണ്ടുനിൽക്കുന്ന നൃത്തോത്സവത്തിൽ ഇന്ന് വൈകിട്ട് ആറിന് ടി. റെഡ്ഡി ലക്ഷ്മിയുടെ കുച്ചിപ്പുടിയും സുദീപ് കുമാർ ഘോഷിന്റെയും സംഘത്തിന്റെയും മണിപ്പൂരി ഡാൻസും നടക്കും.



*നിശാഗന്ധി നൃത്തോത്സവത്തിൽ വൈജയന്തി കാശിയും സംഘവും അവതരിപ്പിച്ച കുച്ചിപ്പുടി*

*ഫോട്ടോ: ബി.സുമേഷ്*



*ആനയറ കിഴക്കതിൽ ശ്രീഭഗവതീക്ഷേത്രത്തിലെ തൈപ്പൂയക്കാവടി മഹോത്സവത്തിന്റെ ഭാഗമായുള്ള കാവടി ഘോഷയാത്ര പേട്ട പുത്തൻ കോവിൽ ശ്രീ ഭഗവതി ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ചപ്പോൾ*



*വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ ആഭിമുഖ്യത്തിൽ നടന്ന ബാലഭാസ്കർ സ്മൃതിസംഗീതത്തിൽ സ്റ്റീഫൻ ദേവസ്സി ഫ്യൂഷൻ സംഗീതം അവതരിപ്പിക്കുന്നു*

## ട്രാൻ. ബസുകൾ നടപ്പാതയിൽ ഉപേക്ഷിച്ചത് അന്വേഷിക്കണം: മനുഷ്യാവകാശ കമ്മിഷൻ

തിരുവനന്തപുരം: ഉപയോഗശൂന്യമായ രണ്ട് കെ.എസ്.ആർ.ടി.സി ബസുകൾ, കാൽനടയ്ക്ക് തടസമായി ട്രാൻസ്പോർട്ട് ഭവന് മുന്നിലെ നടപ്പാതയിൽ ഉപേക്ഷിച്ചതിനെ കുറിച്ച് വിശദീകരണം നൽകണമെന്ന് കോർപറേഷൻ എം.ഡിക്കും ഫോർട്ട് അസി. കമ്മിഷണർക്കും സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിർദ്ദേശം നൽകി.

മൂന്നാഴ്ച്ചക്കം റിപ്പോർട്ട് നൽകണമെന്ന് കമ്മിഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ആവശ്യപ്പെട്ടു. കേസ് ഫെബ്രുവരി 18ന് പരിഗണിക്കും. എ.ഐ.ടി.യു.സി ജില്ലാ വൈസ് പ്രസിഡന്റും നഗരസഭാ ട്രാഫിക് ഉപദേശകസമിതി അംഗവുമായ പട്ടം ശശിധരൻ നൽകിയ പരാതിയിലാണ് നടപടി.

കെ.എൻ15- 5289, കെ.എൻ 15- 5542 എന്നീ ബസുകളാണ് നടപ്പാതയിൽ ഉപേക്ഷിച്ചത്. താലൂക്ക് ഓഫീസിലും സപ്ലൈകോ പീപ്പിൾസ് ബസാറിലുമെത്തുന്ന സ്ത്രീകൾക്കും മുതിർന്നവർക്കും ഇതുകാരണം നടപ്പാത ഉപയോഗിക്കാനാവുന്നില്ല. നിരവധി തവണ പരാതി നൽകിയിട്ടും നടപടിയുണ്ടാകാത്തതിനെ തുടർന്ന് പരാതിക്കാരൻ മനുഷ്യാവകാശ കമ്മിഷനെ സമീപിക്കുകയായിരുന്നു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ്: 3,10

## ത്യാഗരാജ സ്വാമി ആരാധനാ മഹോത്സവം ഇന്ന് തുടങ്ങും

തിരുവനന്തപുരം: ശ്രീസദ്ഗുരു ത്യാഗരാജ ഭക്തസഭയുടെ ആഭിമുഖ്യത്തിൽ 172- ാമത് ശ്രീസദ്ഗുരു ത്യാഗരാജസ്വാമി ആരാധനാ മഹോത്സവവും വാർഷിക ദിനാഘോഷവും ഇന്ന് ആരംഭിക്കും.

രണ്ടാം പുത്തൻ തെരുവ് കല്പനായകി മണ്ഡപത്തിൽ വൈകിട്ട് 5.30ന് അശ്വതി തിരുനാൾ രാമവർമ്മ ഉദ്ഘാടനം ചെയ്യും. വി.എസ്. ശിവകുമാർ എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തും. വൈകിട്ട് 7ന് അശ്വതി തിരുനാൾ രാമവർമ്മയുടെ സംഗീതക്കച്ചേരി നടക്കും. ആവണീശ്വരം എസ്.ആർ. വിനു വയലിനും ഡോ. ജി. ബാബുവും ആദിത്യനെല്ലൂർ അനിൽ കുമാറും ഘടവും പയ്യന്നൂർ ഗോവിന്ദപ്രസാദ് മുഖർശംഖും വായിക്കും. 23ന് വൈകിട്ട് 5.30ന് ഹരിഹരി സുബ്രഹ്മണിയുടെ വീണക്കച്ചേരിയും 6.30ന് ബി. വൈഷ്ണവിന്റെ വയലിൻ കച്ചേരിയും നടക്കും. രാത്രി 7.30ന് എസ്. പദ്മനാഭനും ഗീതാകൃഷ്ണനും ചേർന്ന അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി. 25ന് വൈകിട്ട് 8 മുതൽ ആഞ്ജനേയോത്സവം നടക്കും.

## ഗസ്റ്റ്ലക്ച്ചറർ ഇന്റർവ്യൂ

തിരുവനന്തപുരം: യു.ഐ.ടി തിരുവനന്തപുരം സെന്ററിൽ മാത്തമാറ്റിക്സ് വിഷയത്തിൽ ഗസ്റ്റ്ലക്ച്ചററുടെ ഒഴിവിലേക്ക് 24ന് രാവിലെ 10ന് വാക് ഇൻ ഇന്റർവ്യൂ നടക്കും.

# ലോക റെക്കാഡിനായി സജ്ന കച്ചേരി തുടങ്ങി

■ നിറുത്താതെ 37 മണിക്കൂർ ലക്ഷ്യം

തിരുവനന്തപുരം: അകാലത്തിൽ പൊലിഞ്ഞ വയലിൻ മാന്ത്രികൻ ബാലഭാസ്കറിന് ഒരു സമർപ്പണം, ഒപ്പം സംഗീതക്കച്ചേരിയിൽ ലോക റെക്കാഡും. സംഗീതാദ്ധ്യാപികയായ സജ്ന വിനീഷിന്റെ ലക്ഷ്യം അതാണ്.

സൂര്യ ഫെസ്റ്റിവലിനോടനുബന്ധിച്ച് തൈക്കാട് ഗണേശത്തിൽ ഇന്നലെ പുലർച്ചെ മൂന്ന് മണിക്കാണ് സജ്ന കച്ചേരി തുടങ്ങിയത്. ഇന്ന് രാത്രി എട്ടുമണിയോടെ സംഗീത പരിപാടി അവസാനിപ്പിക്കുമ്പോൾ 37 മണിക്കൂർ തുടർച്ചയായി കച്ചേരി നടത്തിയ ലോക റെക്കാഡ് സജ്നയുടെ പേരിലാവും. നിലവിൽ 36 മണിക്കൂറാണ് റെക്കാഡ്.

വാദ്യോപകരണങ്ങളുടെ തനിയാവർത്തനമോ ഇടവേളയോ ഇല്ലാതെ, ശബ്ദവിശ്രമമില്ലാതെ തുടർച്ചയായി ഇത്രസമയം കച്ചേരി നടത്തുക തീർത്തും ശ്രമകരമാണ്.

കർണാടക സംഗീതത്തിലെ കൃതികളും ശ്ലോകങ്ങളുമാണ് സജ്ന ആലപിക്കുന്നത്. തിരുവനന്തപുരം വിമെൻസ് കോളേജിൽ സംഗീത വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ് നർത്തകി കൂടിയായ സജ്ന.

മൈഥിലി ടീച്ചറുടെ ശിക്ഷണത്തിലാണ് ഭരതനാട്യവും മോഹിനിയാട്ടവും അഭ്യസിച്ചത്. സംഗീതത്തിലേക്ക് വഴിതിരിച്ചുവിട്ടതും ടീച്ചർ തന്നെ. സംഗീതം കൂടുതലും അഭ്യസിച്ചത് ഡോ. ഓമനക്കുട്ടി ടീച്ചറുടെ ശിക്ഷണത്തിൽ. മെഡിക്കൽകോളേജിന് സമീപം പുതുപ്പള്ളി ലെയ്നിൽ ചിറയിൽ സുധീറിന്റെയും അനിതയുടെയും മകളാണ്. ഭർത്താവ് വിനീഷ് ദുബായിൽ എൻജിനിയർ. മൂന്നാം ക്ലാസ് വിദ്യാർത്ഥി രാഘവ് മകൻ.



*സംഗീതാർച്ച നടത്തുന്ന നതിരുവനന്തപുരം സ്വദേശിനിയും സംഗീത അദ്ധ്യാപികയുമായ സജ്ന വിനിഷ്*


കേരളകൗമുദി ലഹരി വിരുദ്ധ ബോധപൗർണ്ണമിയും എസ്.പി.സി & എസ്.പി.ജിയും സംയുക്തമായി സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ ഇന്ന്

ബോധപൗർണ്ണമി

സമയം: ഉച്ചയ്ക്ക് 1.30 ന് സ്ഥലം: ഗവ: ഹൈസ്കൂൾ, വാഴമുട്ടം, കോവളം.

ഉദ്ഘാടന സമ്മേളനം


പി.വിജയൻ IPS (IG Police Admin & Convinor PMNC Kerala State, PHQ Trivandrum)


പി.അജിത്കുമാർ (എസ്.എച്ച്.ഒ കോവളം പൊലീസ് സ്റ്റേഷൻ)


ഡോ. പ്രശാന്ത് സി.വി (RMO.RCC Trivandrum)


വി.അനിത (ഹെഡ്മിസ്ട്രസ് ഗവ: ഹൈസ്കൂൾ, വാഴമുട്ടം)


റ്റി.ബിജു (SPC Drill Instructor &SPG Co-Ordinator)


പി.തങ്കരാജൻ (സി.പി.ഒ ഗവ: ഹൈസ്കൂൾ, വാഴമുട്ടം)


പ്രീതാലക്ഷ്മി (WSPG Drill Instructor)


ജയശ്രീ (അഡീഷണൽ സി.പി.ഒ.)

ഡോ. അഗർവാൾസ് കണ്ണാശുപത്രിയിൽ സൗജന്യ തിമിര, പ്രമേഹ, നേത്ര രോഗ നിർണയ ക്യാമ്പ്

വെള്ളയമ്പലം ഡോ.അഗർവാൾസ് കണ്ണാശുപത്രിയിൽ ജനുവരി 22, 23, 24 തീയതികളിൽ സൗജന്യ നേത്ര പരിശോധന, ഡയബറ്റിക് റെറ്റിനോപതി നിർണയ ക്യാമ്പ് നടത്തപ്പെടുന്നു കൂടാതെ എല്ലാ ഞായറാഴ്ചകളിലും നേത്ര പരിശോധന ലഭ്യമാണ്. വിദഗ്ദ്ധ ഡോക്ടർമാരായ ഡോ. ജയ് മാത്യു, ഡോ. കണ്ണൻ, ഡോ. സോണിയ എന്നിവരുടെ നേതൃത്വത്തിലാണ് ക്യാമ്പ് നടത്തപ്പെടുന്നത്. രാവിലെ 9.00 മുതൽ 7 മണി വരെ ആണ് പരിശോധന സമയം. ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ 9.00 മുതൽ 1 മണി വരെ 40 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് പ്രമേഹ നേത്ര രോഗ നിർണ്ണയവും, കാഴ്ചപരിശോധനയും, കണ്ണിലെ പ്രഷർ ചെക്കപ്പും സൗജന്യമായിരിക്കും. കൂടാതെ മറ്റ് പരിശോധനകൾക്കും ബ്രാന്റഡ് ലെൻസുകൾക്കും പ്രത്യേക ഇളവുകൾ ലഭ്യമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് മാത്രമാണ് ഈ ഇളവ് ലഭിക്കുന്നത്. ചികിത്സാ വിഭാഗങ്ങൾ - തിമിര ചികിത്സാ വിഭാഗം, പ്രമേഹ നേത്ര രോഗ വിഭാഗം, ഗ്ലോക്കോമ വിഭാഗം, ലാസിക് & റിഫ്രാക്ടീവ് സർജറി, കോർണിയ വിഭാഗം, ജനറൽ ഒഫ്താൽമോളജി, കുട്ടികളുടെ നേത്രരോഗവിഭാഗം

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9072606700, 9072606701 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക




Dr. Unni's
AGASTYAA HERITAGE AYURVEDIC HOSPITAL




കോവളം സോഷ്യൽ വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി
Reg No. T. 2055
പ്രസിഡന്റ് കോവളം ബി. ശ്രീകുമാർ
വൈസ് പ്രസിഡന്റ് എസ്. അരുൺ.
സെക്രട്ടറി പ്രതാപ് ചന്ദ്രൻ. എസ്.കെ

ആശംസകളോടെ...........
കോവളം സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ റ്റി. 287
വാഴമുട്ടം, പാച്ചല്ലൂർ പി.ഒ.,
തിരുവനന്തപുരം - 695027
ഫോൺ : 0471 - 2480389
സേവനത്തിന്റെ എല്ലാ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പ്രമുഖ സഹകരണ ബാങ്ക്
എം. അനിൽകുമാർ പ്രസിഡന്റ്
വി. ശൈലജാ ദേവി സെക്രട്ടറി